**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 549** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസ് മുതൽ കളക്ട്രേറ്റ് വരെയുള്ള ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, 14 ജില്ലാ കളക്ടറേറ്റ്, 27 ആർ.ഡി.ഒ ഓഫീസുകൾ, 55 താലൂക്ക് ഓഫീസുകൾ, 292 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തി വരുന്നു. പ്രസ്തുത ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയതുവഴി കടലാസ്സരഹിത ഭരണനിർവ്വഹണം നടപ്പിലാക്കുവാനും ഫയലുകൾ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിലാക്കുവാനും സാധിക്കുന്നതാണ്. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റി, കടലാസുരഹിത ഓഫീസുകളാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു. |
| (ബി) | അപേക്ഷകൾ സമർപ്പിക്കുമ്പോൾ കിട്ടുന്ന കമ്പ്യൂട്ടർ നമ്പർ ഉപയോഗിച്ച് ഫയലുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കാൻ കഴിയുംവിധം പ്രസ്തുത ഇ-ഓഫീസ് സംവിധാനം വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ റവന്യൂ വകുപ്പിലെ ഓഫീസുകളിലെ ഇ-ഓഫീസ് ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ സെക്രട്ടറിയേറ്റിലേത് പോലെ പൊതുജനങ്ങൾക്ക് നിലവിൽ കാണുവാൻ കഴിയില്ല. നിയന്ത്രിതമായ കസ്റ്റമൈസേഷനുകൾ മാത്രമേ ഇ-ഓഫീസ് സംവിധാനത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ഐ.റ്റി മിഷൻ അറിയിച്ചിട്ടുള്ളതാണ്. ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖാന്തിരം പൊതുജനങ്ങൾക്ക് കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ ഇ-ഓഫീസ് ഫയൽ നിലവിൽ ആരുടെ കൈവശമാണ് ഉള്ളത് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സെക്രട്ടറിയേറ്റിൽ ആവിഷ്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ സംവിധാനമൊരുക്കുന്നതിന് സംസ്ഥാനത്ത് ഇ-ഓഫീസ് കസ്റ്റമൈസേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന ഐ.റ്റി മിഷനുമായി ചേർന്ന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇ-ഓഫീസ് പോർട്ടലിൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം വകുപ്പിന് ലഭ്യമല്ല. ആയതിനായി ഐ.റ്റി മിഷൻ മുഖാന്തിരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. |
| (സി) | ഇ-ഓഫീസ് സംവിധാനം വിപുലീകരിക്കുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (സി) | വകുപ്പിലെ ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിലാണ് നിലവിൽ ഫയൽ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിൽ ഇ-ഓഫീസ് സംവിധാനം ഇല്ലാതെ പ്രവർത്തിച്ചുവരുന്ന ഓഫീസുകളിൽ ഹാർഡ് വെയർ ഗ്യാപ് എടുത്ത് ബന്ധപ്പെട്ട ഹാർഡ് വെയർ പർച്ചെയ്സ്, നെറ്റ് വർക്കിങ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുവാനാണ് ശ്രമിക്കുന്നത്. അതിനായി സമഗ്രമായ ഗ്യാപ് അനാലിസിസ് ജില്ലകളിൽ നിന്നും ലഭ്യമാക്കി അതിൻപ്രകാരം നിലവിലെ പദ്ധതി വിഹിതത്തിൽ നിന്നും പരമാവധി ഓഫീസുകൾ ഇ-ഓഫീസ് സംവിധാനത്തിന് കീഴിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ